സംസ്ഥാനത്ത് ഇപ്പോഴും എത്ര അവശകലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ട്; പ്രതിമാസം എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത്?

ഉത്തരം

1422 പേർക്ക്. 500 രൂപ വീതം.

നാഷണൽ ഹൈവേ ഉപയോഗിക്കുന്നവർ നൽകേണ്ടി വരുന്ന ടോൾ

14 [2305] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി ലേഖ്സി രാവി:
ശ്രീ. ബി. വിജയകുമാർ:
,, കെ. സി. ജോസഫ്. താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള നാഷണൽ ഹൈവേ ഏതെല്ലാമാണ്; ഇവ വികസിപ്പിക്കുന്നത് ബി.ഒ.ടി. അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ നാഷണൽ ഹൈവേ ഉപയോഗിക്കുന്നവർ ടോൾ നൽകേണ്ടതായി വരുമോ;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുന്ന മരാമത്ത് പണികൾ പൂർത്തിയായി അവ ഉപയോഗിക്കാൻ തുടങ്ങുമ്പോൾ ജനങ്ങളിൽനിന്ന് ടോൾ പിരിക്കുന്നതിന് പകരം ബി.ഒ.ടി. അടിസ്ഥാനത്തിൽ വർക്ക് ഏറ്റെടുത്ത് നടത്തിയവർക്ക് ആനുവിറ്റി കൊടുക്കുന്ന ഏർപ്പാടുണ്ടാക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എൻ.എച്ച്. 17, എൻ. എച്ച്. 47, എൻ. എച്ച്. 47 (എ), എൻ. എച്ച്. 49, എൻ. എച്ച്. 208, എൻ. എച്ച്. 212, എൻ. എച്ച്. 213, എൻ. എച്ച്. 220 എന്നിങ്ങനെ 8 ദേശീയ പാതകളാണ് സംസ്ഥാനത്തിലുള്ളത്.

താഴെപ്പറയുന്ന ദേശീയപാതകളെ ബി.ഒ.ടി. അടിസ്ഥാനത്തിൽ നാലു വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്:

എൻ. എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ, എൻ. എച്ച്. 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ, എൻ. എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ.

(ബി) കേന്ദ്രസർക്കാരാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത്.

(സി, ഡി) ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly